

2017 ഏപ്രിൽ 9

മത്താ. 21:1–17

# വചനസന്ദേശം

**റവ. ഫാ. ജേക്കബ് കൊഴുവള്ളി**

ഇന്ന് ഓശാന ഞായർ. വെള്ളയങ്കിയണിഞ്ഞ് കൈയിൽ കുരുത്തോലയുമായി ദൈവത്തിന് ഓശാന പാടുന്ന വിശുദ്ധരുടെ ജീവിതത്തിന്റെ മുന്നാസ്വാദനമെന്നോണം നാം കൈയിൽ കുരുത്തോലയുമായി ഈശോയ്ക്ക് ഓശാന പാടുന്ന മംഗളദിനമാണിന്ന്. ഈ തിരുനാൾദിനത്തിൽ മൂന്ന് ചിന്തകൾ നമ്മുടെ വിശ്വാസജീവിതത്തെ കൂടുതൽ സമ്പന്നമാക്കണം.

ഒന്നാമതായി, നാം നമ്മുടെ കരങ്ങളിൽ കുരുത്തോല എടുക്കാനുള്ള കേവല യോഗ്യത നേടണം. വെളിപാടിന്റെ പുസ്തകം കൈയിൽ കുരുത്തോലയുമായി നില്ക്കുന്ന വിശുദ്ധർക്ക് നല്കുന്ന യോഗ്യത, അവർ വലിയ ഞെരുക്കങ്ങളിലൂടെ കടന്ന് രക്തത്താൽ തങ്ങളുടെ വസ്ത്രങ്ങൾ കഴുകി വെളുപ്പിച്ചവരാണ് എന്നതാണ്. ഈ വിശുദ്ധരെക്കുറിച്ച് ശ്രേഷ്ഠന്മാരിലൊരുവൻ ചോദിക്കുന്നുണ്ട് വെള്ളയങ്കിയണിഞ്ഞ ഇവർ ആരാണ്? ഇതേ ചോദ്യം ജെറുസലേമിലേക്ക് രാജകീയ പ്രവേശനം നടത്തുന്ന യേശുവും അഭിമുഖീകരിക്കുന്നു, ഇവൻ ആരാണ്? യേശുവിനെക്കുറിച്ച് ലോകം മുഴുവനും ഇന്നും ചോദിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രധാനപ്പെട്ട ചോദ്യം, ഇവൻ ആരാണ് എന്നതാണ്? ജീവിതത്തിന്റെ എല്ലാ തുറകളിലുമുള്ള മനുഷ്യർ എല്ലാ കാലത്തും ഈ ചോദ്യം ചോദിച്ചിട്ടുണ്ട്. യേശുവിന്റെ ജനനസമയത്ത് ഹേറേദോസ് അസ്വസ്ഥനായി ചോദിച്ചു, എവിടെയാണ് ക്രിസ്തു ജനിക്കുന്നത്? അപ്പസ്തോലന്മാർ അത്ഭുതപ്പെട്ടു, ഇവൻ ആരാണ്? കാറ്റും കടലുംപോലും ഇവനെ അനുസരിക്കുന്നല്ലോ? യേശുവിന്റെ അത്ഭുതങ്ങൾക്ക് സാക്ഷ്യം വഹിച്ച ജനങ്ങൾ പരസ്പരം ചോദിച്ചു, ഇവൻ ആരാണ്? പിശാചുക്കൾപോലും ഇവനു കീഴ്പ്പെടുന്നല്ലോ? ഈശോ ആരാണെന്ന ചോദ്യം വിശ്വാസത്തിലേക്കുള്ള ആദ്യപടിയാണ്. വിശ്വാസത്തിലേക്ക് കടന്നുവരുന്നവരും ദൈവവിളി സ്വീകരിക്കുന്നവരും നിരന്തരം ഇത്തരം ചോദ്യങ്ങളെ അഭിമുഖീകരിച്ചേ മതിയാവൂ. അപ്പസ്തോലന്മാരോട് ഈശോ ചോദിച്ചു, ഞാനാരാണ്? ഓരോ ക്രിസ്ത്യാനിയും തന്നോട് തന്നെ ഈ ചോദ്യം ചോദിക്കണം, ഈശോ എനിക്കാരാണ്? ഈ ചോദ്യത്തിന് ഉത്തരം കിട്ടിയവൻ പത്രോസിനെപ്പോലെ അത് പ്രഖ്യാപിക്കുക മാത്രമല്ല, മറിച്ച്, പത്രോസിനെപ്പോലെ അത് ജീവിച്ച് കാണിച്ചുകൊടുക്കണം. നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണെന്ന് പറയുക മാത്രമല്ല, ആ ക്രിസ്തുവിനുവേണ്ടി മരിക്കുവാനുള്ള സന്നദ്ധതയും പത്രോസ് പ്രകടമാക്കി. കർത്താവിനുവേണ്ടി കുരിശിൽ തലകീഴായി മരിച്ചുകൊണ്ട് കുരുത്തോല പിടിക്കാനുള്ള അനുഗ്രഹം പത്രോസ് സ്വന്തമാക്കി.

രണ്ടാമതായി, യേശു ആരാണെന്നത് ഒരു ചോദ്യത്തിന് ഉത്തരം ബുദ്ധികൊണ്ട് കണ്ടെത്താവുന്നതല്ല. ഇവൻ ഗലീലിയിലെ നസറത്തിൽ നിന്നുള്ള പ്രവാചകനായ യേശുവാണെന്ന് അവിടെ ജനക്കൂട്ടം മറുപടി നല്കുന്നുണ്ട്. ഇത് ഒരു പൂർണ്ണമായ മറുപടിയായി കാണാനാവില്ല. സ്വയം സമർപ്പണമാണ് യേശു ആരെന്നറിയാനുള്ള മാർഗ്ഗം. അതും ദൈവം തന്റെ കൃപയാൽ നമുക്ക് നല്കിയാൽ മാത്രം. സക്കേവൂസ് ഈശോ ആരെന്ന് കാണാൻ ആഗ്രഹിച്ചു. ഈശോയുടെ വിചാരണവേളയിൽ ഹേറേദോസും ഈശോ ആരെന്ന് കാണാൻ ആഗ്രഹിച്ചു. പക്ഷേ, സക്കേവൂസ് ഈശോയെ കണ്ടെത്തിയതുപോലെ ഹേറേദോസിന് ഈശോയെ കാണാൻ കഴിഞ്ഞില്ല. കാരണം വ്യക്തം. സക്കേവൂസിന്റെ ഭാഗത്തുനിന്നുണ്ടായതുപോലെ ഒരു സമർപ്പണം ഹേറേദോസിന്റെ ഭാഗത്തുനിന്നുണ്ടായില്ല. സ്വയം സമർപ്പിച്ചുകൊണ്ട് സക്കേവൂസ് പറഞ്ഞു, ഇതാ എന്റെ സ്വത്തിൽ പകുതി ഞാൻ ദരിദ്രർക്ക് കൊടുക്കുന്നു. ആരുടെയെങ്കിലും വക വഞ്ചിച്ചെടുത്തിട്ടുണ്ടെങ്കിൽ നാലിരട്ടിയായി തിരിച്ചുകൊടുക്കുന്നു. ഈശോയുടെ മുമ്പിൽ എളിമയോടെ നില്ക്കാൻ തയ്യാറുള്ള ഏതൊരുവനും അവൻ തന്നെത്തന്നെ വെളിപ്പെടുത്തിക്കൊടുക്കും. ഓശാന തിരുനാളിലും ഈ സമർപ്പണം നാം കാണുന്നുണ്ട്. ഇവിടെ സാധാരണ ജനങ്ങൾ അവർക്കുള്ള നിസാര സാധാരണ സാധനങ്ങളാണ് സമർപ്പിക്കുന്നത്. വഴിയരികിലുള്ള ചില്ലകൾ വഴിയിൽ വിതറുന്നു. വസ്ത്രങ്ങൾ വിരിക്കുന്നു. ദാവിദിന്റെ പുത്രന് ഓശാന എന്നു വിളിച്ചുകൊണ്ട്, ഈശോയോടുള്ള വിധേയത്വം പ്രകടിപ്പിക്കുന്നു. മൂന്ന് തരത്തിലുള്ള വസ്തുക്കളാണ് അവർ കർത്താവിന്റെ മുമ്പിൽ വിതറിയത്. ഒന്ന് പച്ചിലകൾ– പ്രകൃതിയുടെ ഭാഗം, രണ്ട്, തങ്ങളുടെ

ശരീരത്തിൽനിന്ന് വസ്ത്രങ്ങൾ. മൂന്ന് തങ്ങളുടെ തന്നെ മനസ്സ്- ഏറ്റുപറച്ചിൽ. ഇതാണ് സമർപ്പണത്തിന്റെ പൂർണ്ണത.

മൂന്നാമതായി, ദൈവത്തിന് നല്കുന്നത് കലർപ്പില്ലാത്തതും പൂർണ്ണവും സംശുദ്ധവുമായിരിക്കണം. ജെറുസലേമിലേക്കുള്ള രാജകീയപ്രവേശനത്തെക്കുറിച്ച് സൂചിപ്പിക്കുമ്പോൾ ലൂക്കാ സുവിശേഷകൻ പറയുന്നത്, ആരും ഒരിക്കലും കയറിയിട്ടില്ലാത്ത കഴുതയെന്നാണ്. പഴയനിയമബലിയർപ്പണത്തിലും ഊനമറ്റ ബലിവസ്തുക്കളെക്കുറിച്ചുള്ള പരാമർശം ശ്രദ്ധേയമാണ്. ദൈവത്തിന് സമർപ്പിക്കേണ്ടത് ആദ്യജാതനെയാണ്. സമർപ്പണത്തിന്റെ വലുപ്പമല്ല, അതിനു പുറകിലുള്ള ഹൃദയമാണ് ദൈവം ആഗ്രഹിക്കുന്നതെന്ന് വിധവയുടെ ചെമ്പുനാണയങ്ങളുടെ സമർപ്പണത്തിലൂടെ ഈശോ വെളിവാക്കുന്നുണ്ട്. സമർപ്പണത്തിലെ കപടത അനനിയാസിന്റെ യും സഫീറായുടെയും സമർപ്പണത്തിലും തെളിഞ്ഞുകാണുന്നുണ്ട്. പഴയനിയമത്തിൽ സാമുവേൽ രാജാവാകാൻ പോകുന്ന സാവൂളിനോട് പറയുന്ന വാക്കുകൾ ശ്രദ്ധിക്കണം, ഇസ്രായേലിൽ അഭികാമ്യമായതെല്ലാം ആർക്കുള്ളതാണ്? നിനക്കും നിന്റെ പിതൃഭവനത്തിലുള്ളവർക്കും അല്ലയോ? ആബേലിന്റെയും കായേന്റെയും ബലിയർപ്പണത്തിലും ഇതിനു സമാനമായ ചിന്തയാണ് കാണാൻ സാധിക്കുന്നത്. ആബേൽ ആട്ടിൻകൂട്ടത്തിലെ കടിഞ്ഞൂൽകുഞ്ഞുങ്ങളെയെടുത്ത് അവയുടെ കൊഴുപ്പുള്ള ഭാഗങ്ങൾ അവിടുത്തേക്ക് കാഴ്ചവച്ചു. (ഉല്പ 4/4). ദേവദാരുകൊണ്ടുള്ള കൊട്ടാരത്തിൽ വസിക്കുന്ന ദാവീദ് രാജാവ് ദൈവത്തിന്റെ ആലയത്തെക്കുറിച്ച് ഉത്കണ്ഠാകുലനാകുന്നത് സാമുവേലിന്റെ പുസ്തകത്തിൽ നാം കാണുന്നുണ്ട് (2 സാമു. 7/2). ആരും ഒരിക്കലും ജന്മംകൊള്ളാതിരുന്ന ഒരു കന്യകയുടെ ഉദരത്തിൽ ഈശോ ജനിക്കുകയും ആരെയും ഒരിക്കലും അടക്കാതിരുന്ന കല്ലറയിൽ അടക്കപ്പെടുകയും ചെയ്തുവെന്നതും വെറും യാദൃശ്ചികമായി കരുതേണ്ടതില്ല.